
# ACADEMIC MASTER PLAN



# L.F.U.P.S.POOMALA

## 2025-2026



# PROFILE

| | | |
|---|---|---|
| Name of school | : | L.F.U.P.S. Poomala |
| Date of establishment | : | 1957 |
| Name of Village | : | Killannur |
| Name of cluster | : | KSLPS Mulamkunnathkavu. |
| Name of Panchayath | : | Mulamkunnathkavu. |
| Name of Block | : | Puzhakkal |
| Name of BRC | : | Puzhakkal |
| Name of District | : | Thrissur |
| Name of Sub district | : | Thrissur East |
| Name of HM | : | Sr. Joly K.O |
| Mobile No | : | 7994151418 |
| Email Id | : | lfspoomala@gmail.com |
| School Code | : | 22451 |
| Name of Taluk | : | Thrissur |

# ആമുഖം

കേരളത്തിന്റെ സാംസ്കാരിക നഗരമായ തൃശ്ശൂർ ജില്ലയിൽ 15 KM ഉള്ളിലേക്ക് നീങ്ങിയ മുളങ്കുന്നത്തുകാവ് പഞ്ചായത്തിന്റെ പരിസഭാഗവും ജനവാസമില്ലാത്ത മലയോരഗ്രാമമാണ് പൂമല ഗ്രാമം. നാടിന്റെ കുരുന്നു മക്കൾ കുന്നും മലയും കയറിയിറങ്ങി തിരൂർ സ്കൂളിൽ പോയിരുന്ന കാലത്ത് മാതൃഭൂമി ദിനപത്രത്തിൽ "സ്കൂളിനപേക്ഷിക്കാം" എന്ന വാർത്ത കണ്ട ശ്രീ പതിയിൽ തോമസ് ചേട്ടന്റെ നേതൃത്വത്തിലുള്ള ഒരു കൂട്ടായ്മയാണ് ഈ സ്കൂളിന് അപേക്ഷ നൽകിയത്. അങ്ങനെ 1957 ൽ സ്കൂളിന് അനുമതി ലഭിച്ചു.

ഞങ്ങളുടെ ആദ്ധ്യാത്മിക പുരോഗതിക്ക് ഒരു കന്യകാസമൂഹം ആവശ്യമാണെന്ന് മനസ്സിലാക്കി തിരുകുടുംബ സഭയുടെ അന്നത്തെ മദർ ജനറലായിരുന്ന ജോസഫീനാമ്മയെ സമീപിക്കുകയും ലിറ്റിൽ ഫ്ലവർ സ്കൂളിന്റെ ഉടമസ്ഥാവകാശം മാനേജരായിരുന്ന ശ്രീ. പതിയിൽ തോമസിൽ നിന്നും തിരുകുടുംബ സന്യാസിനി സമൂഹത്തിന് കൈമാറുകയും ചെയ്തു. സി. ഫമിലി ആദ്യ ഹെഡ്മിസ്ട്രസ്സ് ആയിരുന്നു.

ലിറ്റിൽ ഫ്ലവർ അപ്പർ പ്രൈമറി സ്കൂൾ ഇന്നും പൂമല ഗ്രാമത്തിന്റെ അഭിമാനമായി നിലകൊള്ളുന്നു. ഒരുപാട് പേരുടെ അശ്രാന്ത

പരിശ്രമത്തിന്റെയും ത്യാഗ മനോഭാവത്തിന്റെയും പ്രതിഫലേച്ഛ കൂടാതെയുള്ള സേവന മനോഭാവ-ത്തിന്റെയും മൂർത്തീകൃതമാണ് ഈ വിദ്യാലയം.

നീണ്ട 67 വർഷങ്ങൾക്കിപ്പുറം ഇന്ന് ഈ വിദ്യാലയത്തിന്റെ ചുക്കാൻ പിടിച്ച് ഈ വിദ്യാലയത്തെ നയിക്കുന്നത് ഇപ്പോഴത്തെ ഹെഡ്മിസ്ട്രസ്സ് ആയ റവ. സി. ജോളി കെ. ജെ ആണ്. ഈ വിദ്യാലയത്തിലേക്ക് കടന്നുവരുന്ന പിഞ്ചോമനകളെ അറിവിന്റെ നിറകുടങ്ങളാക്കാൻ ആദർശശുദ്ധിയോടെ അർപ്പണ മനോഭാവത്തോടെ പ്രയത്നിക്കുന്ന അധ്യാപകരും അനധ്യാപകരും ഉൾപ്പെടുന്ന 19 ഓളം സ്റ്റാഫ് അംഗങ്ങളും ഇന്ന് ഇവിടെ ഉണ്ട്.

# പൊതുവിശകലനം

സാമൂഹ്യപരമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെ പിന്നോക്കം നിൽക്കുന്ന സാഹചര്യത്തിൽ ആണ്. തൃശ്ശൂർ ജില്ലയിൽ പൂമല ഗ്രാമത്തിൽ 1957 കാലഘട്ടത്തിൽ ഈ വിദ്യാലയം സ്ഥാപിക്കുന്നത്. LKG മുതൽ 7-10 ക്ലാസ് വരെയുള്ള ക്ലാസുകൾ ഈ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നുണ്ട്. മുളങ്കുന്നത്തുകാവ് പഞ്ചായത്തിലെ ജനവാസം കുറവുള്ള മലയോര മേഖലയായിരുന്ന പൂമല ഗ്രാമത്തിന്റെ കുരുന്നു മക്കൾ കുന്നും മലയും താണ്ടി തിരൂർ സ്കൂളിൽ എത്തിയ സാഹചര്യത്തിലാണ് ഇങ്ങനെ ഒരു വിദ്യാലയം സാമൂഹ്യ പങ്കാളിത്തത്തോടെ സ്ഥാപിക്കാൻ ഇടയായത്. 18 അധ്യാപകരും ഒരു പ്യൂണും കമ്പ്യൂട്ടർ കൈകാര്യം ചെയ്യുന്ന ഓഫീസ് സ്റ്റാഫും സ്കൂളിൽ നിലവിൽ പ്രവർത്തിക്കുന്നു. കായിക പ്രവർത്തനങ്ങളിലും അക്കാദമിക പ്രവർത്തനങ്ങളിലും ഈ വിദ്യാലയം മികച്ച നിലവാരം പുലർത്തുന്നു. മുളങ്കുന്നത്തുകാവ് പഞ്ചായത്തിൽ 5-10 വാർഡിൽ സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയത്തിൽ 271 വിദ്യാർത്ഥികൾ പഠനം നടത്തി പോരുന്നു. മറ്റ് അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ നിന്നും വിദ്യാർത്ഥികൾ പഠനത്തിനായി ഇവിടെ എത്തിച്ചേരുന്നുണ്ട്.

# ലക്ഷ്യങ്ങൾ

*) ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായോ എന്ന് ഉറപ്പാക്കുക.

*) ഓരോ കുട്ടികളിലുമുള്ള കഴിവുകൾ കണ്ടെത്തി അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുക

*) കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കി കൊടുക്കുക.

*) മത്സര പരീക്ഷകൾക്കായി കുട്ടികളെ പ്രാപ്തരാക്കുക

*) മുഴുവൻ ക്ലാസുകളിലും ICT സാധ്യതകൾ പ്രയോജനപ്പെടുത്തുക.

*) പുതിയ തലമുറയിൽ കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കുക.

*) ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്നും കുട്ടികളെ അകറ്റി അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാൻമാരാക്കുക.

*) പച്ചക്കറിത്തോട്ടം സംരക്ഷിക്കുകയും കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുക.

*) പിന്നോക്കം നിൽക്കുന്ന വിഭാഗത്തിൽ ഉള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി മുഖ്യധാരയിലെത്തിക്കുക.

*) സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനു ഉള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

*) കുട്ടികളിലെ വായനയെ പ്രോത്സാഹിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം ഉറപ്പാക്കുക.

*) കുട്ടികളുടെ ഉച്ചഭക്ഷണം വൈവിധ്യമാർന്ന രീതിയിൽ നടത്തുക.

*) കുട്ടികളിലെ കായികക്ഷമത ഉറപ്പാക്കുന്നതിനാവശ്യമായ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

*) എല്ലാ മാസവും ദിനാചരണ പ്രവർത്തനങ്ങൾ നടത്തി കുട്ടികൾക്ക് ആ ദിവസത്തെ പറ്റി അറിവ് നൽകുക.

*) തനതു പ്രവർത്തനത്തിന്റെ ഭാഗമായി ഓരോ ആഴ്ചയിലും വിവിധ വിഷയങ്ങൾ കണ്ടെത്തി കുട്ടികളുടെ നിലവാരത്തിലുള്ള ചോദ്യങ്ങൾ നൽകി ക്വിസ് നടത്തുക.

# അധ്യാപകരും വിവരങ്ങളും 2025-2026

| അധ്യാപകരുടെ പേര് | സബ്ജക്ട് കാറ്റഗറി | ക്ലബ് ചുമതല |
| --- | --- | --- |
| Sr. Joly K.O | HM | |
| Sr. Moly P.L | Asst H.M | Librarian, Hindi kalolsavam |
| Jincy. P. George | LPST | Social, Road safety, Disaster Management committee |
| Athulya Joseph | LPST | PTA secretary, science School protection committee |
| Sr. Niji E.J | LPST | Kalolsavam, Work experience. |
| Blessy Davis | LPST | work experience, Blue Army student's savings scheme |
| Anet M.J | LPST | Science, sports, |
| Divya Rapheal | LPST | vidyarangam, kalolsavam, Maths |
| Riya Xavi | LPST | Noonfeeding, Maths |
| Ginni Babu | LPST | student's saving scheme farmer's & Eco club, Textbook |
| Shini Chandran | Social Science | Social, Gandidharsan Biodiversity, Vijnanolsavam |
| Sr. Bindu. John. P | English | Vidyarangam, |
| Betsy Vinson | Maths | Science sastrarangam IEDC, kalolsavam |
| Roopa Raphel | Maths | Maths, SRG, Healthclub farmer's club & Eco club |
| Elsa Maria Sebastian | English | English, staff secretary PSITC |
| Roshna Sebastian | Sanskrit | sports, sanskrit Farmer's & Eco club, Health club |
| Femi | Peon | Office staff. |

# ഭിന്നശേഷിയുള്ള കുട്ടികളുടെ പട്ടിക

| ക്ലാസ്സ് | വി.ഐ | എച്ച്.ഐ | എം.ആർ ഐ.ഡി | ഓട്ടിസം | പഠന പിന്നോക്കം | അംഗ പരിമിതി | ആകെ |
|---|---|---|---|---|---|---|---|
| II. A | 1 | | | | | | 1 |
| II B | 1 | | 1 (ID) | | | | 2 |
| III B | 1 | | 1 (ID) | | | | 2 |
| IV. A | 1 | | 2 (ID) | | | | 3 |
| V. A | 1 | | 1 (ID) | | | | 2 |
| V. B | 1 | | 2 (ID) | | | | 3 |
| VI. A | 1 | | | | | | 1 |
| VI. B | 3 | | 1 (ID) | | | | 4 |
| VII. B | 1 | | | | | | 1 |

# നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

| വിഭാഗം | നിലവിലുള്ളത് |
|---|---|
| 1. ക്ലാസ് മുറി | 16 |
| 2. ആൺകുട്ടികൾക്കുള്ള ടോയ്‌ലെറ്റ് | 6 |
| 3. ആൺകുട്ടികൾക്കുള്ള യൂറിനൽ | 30 |
| 4. പെൺകുട്ടികൾക്കുള്ള ടോയ്‌ലെറ്റ് | 8 |
| 5. പെൺകുട്ടികൾക്കുള്ള യൂറിനൽ | 15 |
| 6. ബോർവെൽ | 1 |
| 7. ലൈബ്രറി | 1 |
| 8. ചുറ്റുമതിൽ | 1 |
| 9. കളിസ്ഥലം | 1 |
| 10. അടുക്കള | 1 |
| 11. കമ്പ്യൂട്ടർ ലാബ് | 1 |
| 12. റീഡിംഗ് റൂം | 1 |
| 13. സ്കൂൾ ബസ് | 1 |
| 14. ലാബ് | 1 |
| 15. സ്റ്റേജ് | 1 |
| 16. കമ്പ്യൂട്ടർ | Nill |
| 17. ലാപ്ടോപ്പ് | 10 |
| 18. സൗണ്ട് സിസ്റ്റം | 2 |
| 19. പ്രൊജക്ടർ | 4 |

# ICT സാധ്യതകൾ

| സംവിധാനം | ഉണ്ട് / ഇല്ല |
| --- | --- |
| ഇന്റർനെറ്റ് | ഉണ്ട് |
| Email Id | ഉണ്ട് |
| Scanner | ഉണ്ട് |
| Printer | ഉണ്ട് |
| Desktop | ഉണ്ട് |

# ഉച്ചഭക്ഷണ പദ്ധതി

വിദ്യാർത്ഥികൾക്ക് പോഷകഗുണമുള്ളതും സമീകൃതവുമായ ആഹാരം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ വിദ്യാലയത്തിൽ ഉച്ചഭക്ഷണ വിതരണം നടത്തി വരുന്നു. ഒന്നു മുതൽ പത്തുവരെയുള്ള ക്ലാസു-കളിലെ 271 കുട്ടികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു. ചോറും കറിയും ഉപ്പേരിയും ചേർന്നുള്ള ഭക്ഷണം എല്ലാ പ്രവൃത്തി ദിവസങ്ങളിലും നല്കുന്നു. ചൊവ്വ, വ്യാഴം ദിവസങ്ങളിൽ പാലും ബുധനാഴ്ചയിൽ മുട്ടയും നല്കുന്നുണ്ട്.

ഉച്ചഭക്ഷണ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ പച്ചക്കറിത്തോട്ടം വിപുലീകരിക്കാൻ പദ്ധതിയുണ്ട്. കൊള്ളി, കായ, വഴുതന, തക്കാളി പച്ചക്കറികൾ, ഉച്ചഭക്ഷണത്തിലേക്ക് നല്കാൻ സാധിക്കുന്നു. എല്ലാ മാസത്തിലും പി.ടി.എ കമ്മിറ്റി കൂടുകയും ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ, വരവ് ചെലവ് കണക്കുകൾ, ഉച്ച-ഭക്ഷണ മെനു തയ്യാറാക്കൽ എന്നിവ തീരുമാനിക്കുന്നു. മികച്ച രീതിയിൽ ഈ പദ്ധതി വിദ്യാലയത്തിൽ നടന്നു വരുന്നു.

# തനതു പ്രവർത്തനം - ഗണിതം

വിദ്യാർത്ഥികളിൽ ഗണിതത്തിനോടുള്ള താല്പര്യം വർദ്ധിപ്പിക്കുന്നതിനും ജീവിതത്തിൽ കുട്ടികളെ യുക്തി ചിന്തയോടെ പ്രവർത്തിക്കുന്നതിനും പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ 2025-26 അധ്യയന വർഷത്തിൽ L.F.U.P.S പുളലിൽ തനതു പ്രവർത്തനമായി 'മധുരഗണിതം' തെരഞ്ഞെടുത്തു. ഗണിതത്തിനോടുള്ള സമീപനം കുട്ടികളിൽ മധുരമുള്ളതാക്കുന്നതിന് ഓരോ മാസവും ഗണിതത്തിലെ വിവിധ മേഖലകളെ ഉൾപ്പെടുത്തിക്കൊണ്ട് ആഴ്ചയിലെ ഒരു ദിവസം ചോദ്യങ്ങൾ തയ്യാറാക്കി L.P., U.P ക്ലാസുകളിൽ പ്രത്യേകം ചോദ്യങ്ങൾ നൽകാൻ തീരുമാനിച്ചു. ശരിയായ ഉത്തരം നൽകിയ കുട്ടികൾക്ക് പോയിന്റ് നൽകാനും ഏറ്റവും കൂടുതൽ പോയിന്റ് നേടിയ ക്ലാസിനെ Maths Masters ആയി പ്രഖ്യാപിക്കാനും തീരുമാനിച്ചു.

| മാസം | വിഷയം LP | വിഷയം UP |
|---|---|---|
| ജൂലൈ - ആഗസ്റ്റ് | സംഖ്യാബോധം | സംഖ്യാബോധം |
| സെപ്റ്റംബർ - ഒക്ടോബർ | സങ്കലനം | ചതുഷ്ക്രിയ |
| നവംബർ - ഡിസംബർ | സമയം | ഭാരം |
| ജനുവരി - ഫെബ്രുവരി | വ്യവകലനം<br>ദൂരം, അളവുകൾ | ഭിന്നസംഖ്യ<br>ദശാംശം |

# L.S.S Scholarship പരിശീലനം

2025-26 അധ്യയന വർഷത്തിൽ

L.S.S സ്കോളർഷിപ്പിന് വിവിധ തലങ്ങളിൽ പരിശീലനം നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്. പാദ വാർഷിക പരീക്ഷകളിൽ മികച്ച വിജയം കരസ്ഥമാക്കുന്ന വിദ്യാർത്ഥികളെ തെരഞ്ഞെടുന്ന് ആഗസ്റ്റ് മാസം മുതൽ തന്നെ പരിശീലനം ആരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട് പാഠാന്തർഭാഗത്തെ ചോദ്യങ്ങളിലൂടെയും ഈ വർഷത്തെ ആനുകാലിക വിവരങ്ങളും കുട്ടികൾക്ക് ലഭ്യമാക്കുന്നതിനുള്ള അവസരം നൽകും. പരിശീലനത്തിലൂടെ ലഭിക്കുന്ന ശേഖരിപ്പിക്കുന്ന ലങ്ങൾ നോട്ടുപുസ്തകത്തിൽ രേഖപ്പെടുത്താനും നിർദ്ദേശ നൽകും. മാതാപിതാക്കളുടെ യോഗം വിളിച്ചുചേർത്ത് ശ്രദ്ധിക്കേണ്ടവ നിർദ്ദേശിക്കാനും ആവശ്യമായ സഹായ സഹകരണങ്ങൾ നൽകുവാനും നിർദ്ദേശം നൽകും. ഓരോ ദിവസവും രണ്ട് പിരീഡ് സ്കോളർഷിപ്പിന് ആവശ്യമായ പരിശീലനം നൽകുവാനും പരിശീലനത്തിൽ മുൻ വർഷങ്ങളിലെ ചോദ്യപേപ്പറുകൾ വിശകലനം ചെയ്യുവാനും നിർദ്ദേശിക്കും. ഈ അധ്യയന വർഷം മികച്ച വിജയം കരസ്ഥമാക്കാൻ ഒരുങ്ങുവാനും ഒത്തൊരുമിച്ച് ശ്രമിക്കാനും തീരുമാനമെടുത്തു.

# U.S.S Scholarship - പരിശീലനം

2025-26 അധ്യയന വർഷത്തിൽ U.S.S സ്കോളർഷിപ്പിൻ വിവിധ തലങ്ങളിൽ പരിശീലനം നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്. മാസാവസാന പരീക്ഷകളുടെ മാർക്കിന്റെ അടിസ്ഥാനത്തിലും Mock test ലൂടെയും ആറാം ക്ലാസ് വിദ്യാർത്ഥികളിൽ നിന്നും U.S.S സ്കോളർഷിപ്പ് പരീക്ഷയ്ക്ക് ഉള്ളവരെ തിരഞ്ഞെടുക്കാൻ തീരുമാനിച്ചു. ആഗസ്റ്റ് മാസം മുതൽ പരിശീലനം ആരംഭിക്കാൻ തീരുമാനിച്ചു. തിരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ ഒരു വാട്സ് ആപ്പ് ഗ്രൂപ്പ് നിർമ്മിച്ച് കുട്ടികളെ എങ്ങനെ ഒരുക്കണം എന്ന് മാതാപിതാക്കൾക്കും എങ്ങനെ ഒരുങ്ങണമെന്ന് വിദ്യാർത്ഥികൾക്കും മാർഗനിർദ്ദേശങ്ങൾ നൽകാൻ തീരുമാനിച്ചു. ഓരോ വിഷയാടിസ്ഥാനത്തിൽ പരീക്ഷയ്ക്ക് മുന്നോടിയായി ചോദ്യങ്ങൾ നൽകാനും ശേഷം പരീക്ഷകൾ സംഘടിപ്പിക്കുവാനും തീരുമാനിച്ചു. OMR sheet കളിൽ പരീക്ഷ പരിശീലനം നൽകാൻ തീരുമാനിച്ചു. മാതാപിതാക്കളുടെ യോഗം വിളിച്ചു ചേർത്ത് ശ്രദ്ധിക്കേണ്ടവ നിർദ്ദേശിക്കാനും ആവശ്യമായ സഹായ സഹകരണങ്ങൾ നൽകുവാനും നിർദ്ദേശം നൽകും. ഓരോ ദിവസവും വിഷയാടിസ്ഥാനത്തിൽ പരിശീലനം നൽകി. മുൻവർഷങ്ങളിലെ ചോദ്യങ്ങൾ വിശകലനം ചെയ്യുവാനും നിർദ്ദേശിക്കും. ഈ അധ്യയന വർഷം മികച്ച വിജയം കരസ്ഥമാക്കാൻ എല്ലാവരും ഒത്തൊരുമിച്ച് ശ്രമിക്കാനും തീരുമാനമെടുത്തു.

# 2025 - 26 ദിനാചരണങ്ങൾ

**ജൂൺ**

*) ജൂൺ 5 - പരിസ്ഥിതി ദിനം :- * ചിത്രരചന
* ചുമർപത്രിക നിർമ്മാണം
* വൃക്ഷത്തൈ നടൽ
* വിത്ത് വിതരണം.

*) ജൂൺ 19 - വായനാദിനം :- * വായനാവാരം
* ബുക്ക് ക്വിസ്
* പ്രസംഗ മത്സരം
* മാരത്തോൺ വായന
* വായനശാല സന്ദർശനം
* വായനാ കാർഡ് മത്സരം

*) ജൂൺ 26 - ലഹരി വിരുദ്ധ ദിനം :- * പോസ്റ്റർ നിർമ്മാണം
* ബോധവൽക്കരണം.

**ജൂലൈ**

*) ജൂലൈ 5 - ബഷീർ ചരമ ദിനം :- * ഫാൻസി ഡ്രസ്സ്
* കഥാപാത്ര ചിത്രീകരണം

*) ജൂലൈ 11 - ലോക ജനസംഖ്യാ ദിനം :- * ക്വിസ്

*) ജൂലൈ 12 - മലാല ദിനം * പ്രസംഗം
* ഫാൻസി ഡ്രസ്സ്

*) ജൂലൈ 21 - ചാന്ദ്രദിനം * പോസ്റ്റർ നിർമ്മാണം
* ചിത്ര രചന
* മാതൃക നിർമ്മാണം
* അഭിമുഖം

## ആഗസ്റ്റ്

*) ആഗസ്റ്റ് 6 - ഹിരോഷിമ ദിനം :- * സുഡാക്കോ പക്ഷി നിർമ്മാണം
* പോസ്റ്റർ നിർമ്മാണം

*) ആഗസ്റ്റ് 13 - ലോക അവയവദാന ദിനം :- * ചാർട്ട് ഫിലിം പ്രദർശനം

*) ആഗസ്റ്റ് 15 - സ്വാതന്ത്ര്യ ദിനം :- * പ്രസംഗ മത്സരം
* ദേശഭക്തി ഗാന മത്സരം
* പതാക നിർമ്മാണം

## സെപ്റ്റംബർ

*) സെപ്റ്റംബർ 5 - അധ്യാപക ദിനം :- * ഗുരുവന്ദനം
* കാർഡ് നിർമ്മാണം
* പ്രസംഗം

*) സെപ്റ്റംബർ 16 - ഓസോൺ ദിനം :- * വീഡിയോ പ്രദർശനം
* പോസ്റ്റർ നിർമ്മാണം

*) സെപ്റ്റംബർ 28 - പ്രകൃതി സൗഹൃദ ദിനം :-
* ബോധവൽക്കരണം
* പ്രകൃതി സൗഹൃദ വസ്തുക്കളുടെ നിർമ്മാണം പ്രദർശനം.

## ഒക്ടോബർ

*) ഒക്ടോബർ 2 - ഗാന്ധിജയന്തി :- * പ്രസംഗം
* ഗാന്ധി സൂക്തങ്ങൾ
* പ്രച്ഛന്ന വേഷമത്സരം

*) ഒക്ടോബർ 9 - ലോക തപാൽ ദിനം :- * കത്ത്, പോസ്റ്റ് ചെയ്യൽ
* പോസ്റ്റ് ഓഫീസ് സന്ദർശനം

*) ഒക്ടോബർ 16 – ലോക ഭക്ഷ്യദിനം :- * പോസ്റ്റർ നിർമ്മാണം
* പ്രസംഗം.

## നവംബർ

*) നവംബർ 1 – കേരളപ്പിറവി ദിനം :- * മലയാളി മങ്ക
* ചിത്രരചന
* കേരളത്തിന്റെ തനതു കലാരൂപങ്ങളുടെ അവതരണം.

*) നവംബർ 14 – ശിശുദിനം :- * ചാച്ചാജി ഫാൻസി ഡ്രസ്സ്
* പാട്ട്, പ്രസംഗം
* റോസാപ്പൂ നിർമ്മാണം.

## ഡിസംബർ

*) ഡിസംബർ 1 – ലോക എയ്ഡ്സ് ദിനം :- * ബോധവൽക്കരണം
* പോസ്റ്റർ നിർമ്മാണം
* പ്രസംഗം.

*) ഡിസംബർ 3 – ലോക വികലാംഗ ദിനം :- * ബോധവൽക്കരണ അസംബ്ലി
* ജീവിത വിജയം നേടിയ ദിനശേഷിക്കാരുടെ അനുഭവം പങ്കുവെക്കൽ
* സംയോജിത കലാ പ്രവർത്തനങ്ങൾ

*) ഡിസംബർ 19 ക്രിസ്തുമസ് ആഘോഷം
* സ്റ്റാർ നിർമ്മാണം
* കാർഡ് നിർമ്മാണം
* ക്രിസ്മസ് ട്രീ

## ജനുവരി

*) ജനുവരി 7 - ഇന്ത്യൻ പത്രദിനം ÷ * പ്രസംഗം
* പത്രവായന മത്സരം

*) ജനുവരി 26 - റിപ്പബ്ലിക് ദിനം ÷ * ക്വിസ്
* വീഡിയോ പ്രദർശനം

*) ജനുവരി 24 - ബാലികാദിനം ÷ * ബോധവൽക്കരണം

*) ജനുവരി 30 - രക്തസാക്ഷി ദിനം ÷ * ലഘു ഉപന്യാസ മത്സരം, ചിത്രരചന

## ഫെബ്രുവരി

*) ഫെബ്രുവരി 12 - ഡാർവിൻ ദിനം ÷ * ചിത്രരചന

*) ഫെബ്രുവരി 21 - അന്താരാഷ്ട്ര മാതൃഭാഷാ ദിനം ÷
* കവിതാലാപനം
* കഥപറച്ചിൽ മത്സരം

*) ഫെബ്രുവരി 22 - ലോക തണ്ണീർത്തട ദിനം ÷
* പോസ്റ്റർ നിർമ്മാണം

* ഫെബ്രുവരി 28 - ശാസ്ത്രദിനം ÷ * ക്വിസ്, പരീക്ഷണങ്ങൾ
* ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ

## മാർച്ച്

* മാർച്ച് 21 - ലോക വന ദിനം ÷ * പ്രസംഗം
* മാർച്ച് 22 - ലോക ജല ദിനം ÷ പോസ്റ്റർ നിർമ്മാണം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.<br>എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവു നേടുമെന്ന് ഉറപ്പുവരുത്തുക. | • ടീച്ചറും രക്ഷിതാക്കളും പറഞ്ഞ കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കുവെയ്ക്കുന്നു<br>• രക്ഷിതാക്കൾക്ക് കഥ പറയൽ പരിശീലനം<br>• ടീച്ചർ കഥാപുസ്തകങ്ങൾ ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു.<br>• രക്ഷിതാക്കൾ പുസ്തകങ്ങൾ വായിച്ചു കേൾപ്പിക്കുന്നു. [ചൂണ്ടിവായന]<br>• കേട്ട കഥയിലെ ആശയത്തെ ചിത്രീകരിക്കുന്നു<br>• ക്ലാസ് ലൈബ്രറി ശക്തമാക്കുന്നു.<br>• ചിത്രകാർഡുകൾ, നിർമ്മാണ ശില്പശാല ഡിജിറ്റൽ സാധ്യതകളിലൂന്നി കഥ കാണാനും കേൾക്കാനും പുനരവതരണത്തിനുള്ള സാധ്യതകൾ. | ജൂൺ<br>ജൂലൈ |

| | | |
|---|---|---|
| | • തിയേറ്റർ സാധ്യതകൾ, വായനാക്കളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകർഷിക്കൽ.<br>• കഥയുടെ പുനരവതരണം വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെയും പ്രോപ്പർട്ടികളുടെയും സഹായത്തോടെ അവതരിപ്പിക്കാൻ അവസരം. | ഓഗസ്റ്റ് |
| | • ചിത്രവായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു.<br>• ചിത്രങ്ങളുടെ സഹായത്തോടെ ലളിതമായ അടിക്കുറിപ്പ് എഴുതൽ.<br>• ചിത്ര വായനാകാർഡ് തയ്യാറാക്കൽ. | സെപ്തംബർ. |
| | • കുട്ടിവായന കുട്ടിക്കൂട്ടങ്ങൾ പരസ്പരം സഹായിച്ച് ചിത്രകഥാവായന നടത്തുന്നു.<br>• വേദികളിൽ സ്വതന്ത്രമായി കഥ പറയൽ | ഒക്ടോബർ. |

| ലക്ഷ്യങ്ങൾ | പഠനപ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| | • കുട്ടികൾ നിർമ്മിച്ച കഥകളുടെ പ്രകാശനം | നവംബർ |
| | • നാടുവായന | |
| | • കുട്ടികൾ നിർമ്മിച്ച കഥകൾ അവർ തന്നെ വായിക്കുന്നത് നവമാധ്യമങ്ങളിലൂടെ പങ്കിടുന്നു. | ഡിസംബർ |
| | • ടീച്ചർ മുൻകൂട്ടി തയ്യാറാക്കിയ കഥകൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു കുട്ടികൾ വായിക്കുന്നു. | ജനുവരി |
| | • വായനാകാർഡുകൾ രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മിക്കുന്നു. | |
| | • ചെറിയ ബാലസാഹിത്യ കൃതികൾ ലൈബ്രറിയിൽ ഒരുക്കുന്നു. രക്ഷിതാക്കളുടെ പിന്തുണയോടെ വായിക്കുന്നു. | ഫെബ്രുവരി |
| | • ചിത്ര കഥാപുസ്തകങ്ങൾ വായിക്കുന്നു. സചിത്ര പുസ്തകങ്ങൾ വായിക്കുന്നു. നവമാധ്യമങ്ങളിൽ പങ്കിടുന്നു. | മാർച്ച് |

STD 1. English

| Aim | Activities | |
|---|---|---|
| Acquire the ability to handle the English language easily | • Games, Action songs, Hellow English activities, Conversations, Skit stories [ICT] | June |
| | • Growing sentences, picture reading, picture discription. | July |
| | • Self introduction, Assembly activities - speach, self introduction etc. | August |
| | • Small quiz, riddles, school radio etc. | September |
| | • Read and write simple words and simple sentences | |
| | • make word chain, sentence chain, make riddles | October |
| | • Describing words, rhyming words | |
| | • provide more opportunities to read, right and speak English. | November |
| | • writes Five English words daily | |

| | | |
|---|---|---|
| | • Read and understand simple instructions in the classroom.<br>• Encourage digital reading. | December |
| | • Enjoy songs and sings them with Rhythm and action.<br>• make picture album<br>• Collect pictures of animals and its young ones | January |
| | • Provide the opportunity to express myself in the classroom.<br>• English assembly once in a week | February |
| | • speaks English fluently<br>• Read and write simple sentences<br>• picture reading and picture description | march. |

STD I

**Maths**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| • സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു | • സംഖ്യാ കാർഡ് നിർമ്മിക്കൽ | June |
| • അഞ്ചുവരെയുള്ള എണ്ണത്തെ പങ്കിട്ടു, തുല്യം കൂട്ടുകൾ എണ്ണങ്ങളെ വിശദീകരിക്കുന്നു | • മഞ്ചാടി സഞ്ചി നിർമാണം<br>• വർക്ക്ഷീറ്റുകൾ | |
| • ചിത്രങ്ങളുടെ ഗണിത പാഠങ്ങൾ ഉൾപ്പെട്ട ഭാഷയിൽ വിശദീകരിക്കാൻ കഴിയും | • ചിത്രവായന<br>• ഗണിതപാട്ട്<br>• കളികൾ | |
| • ഒരു കൂട്ടത്തിൽ നിന്ന് നിശ്ചിത എണ്ണം എണ്ണി എടുക്കുന്നു. | • ഗണിതകിറ്റ് നിർമാണം<br>• ആശംസകാർഡ് നിർമാണം | |
| • പൂജ്യത്തിന്റെ ആശയം | • കൂടുതൽ, കുറവ് തിരിച്ചറിയുന്ന ഗണിതപ്രവർത്തനങ്ങൾ | July-August |
| • ഒരു കൂട്ടമായ സംഖ്യകളെ വലുപ്പമനുസരിച്ച് ക്രമീകരിക്കൽ | • സംഖ്യാ റിബൺ പൂരിപ്പിക്കൽ | |

| | | |
|---|---|---|
| • കോണം കണ്ടെത്തൽ, കോണം നിർമ്മിക്കൽ, സംഖ്യകൾ ഉപയോഗിക്കൽ<br>• നിത്യജീവിതവുമായി ബന്ധപ്പെട്ടും കളി-കളുടെ ഭാഗമായും ഉള്ള ഗണിതപ്രശ്ന-ങ്ങൾ വിശകലനം ചെയ്യൽ, അവതരിപ്പിക്കൽ, നിർധാരണം ചെയ്യൽ<br>• ത്രിമാന, ദ്വിമാന രൂപങ്ങൾ കണ്ടെത്തുന്നു.<br>• പാറ്റേണുകൾ കണ്ടെത്തി പൂർത്തിയാ-ക്കുന്നു. | • ഗ്രൂപ്പടിസ്ഥാനത്തിലും വ്യക്തിഗത-മായും സഹപാഠികളോടൊപ്പം ഗണിത മധുരം പങ്കിടുന്ന് പ്രവർത്തനങ്ങൾ<br>• ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിതപ്രവർത്ത-നങ്ങളിൽ ഏർപ്പെടുന്നു.<br>• സങ്കലന-വ്യവകലന ക്രിയകൾ രൂപപ്പെടുത്തി പൂർത്തിയാക്കൽ<br>• ഉല്ലാസഗണിത പ്രവർത്തനങ്ങൾ<br>• മുത്ത് കോർക്കൽ മത്സരം<br>• ഡോമിനോസ് കളി | September-October |
| • 1 മുതൽ 100 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട പ്രശ്നങ്ങൾ പരിഹരി-ക്കുന്നു.<br>• നീളം, ഭാരം, ഉള്ളളവ് എന്നിവ താരതമ്യം ചെയ്ത് അളവുകളുമായി ബന്ധപ്പെട്ട ധാരണകൾ ഉറപ്പിക്കുന്നു. | • ചിത്ര പാറ്റേൺ<br>• സംഖ്യാ ഗാന ശേഖരണം<br>• വിവിധ പാത്രങ്ങളുടെ സഹായത്തോടെ അളവുകൾ നിരീക്ഷണം, താരതമ്യം ചെയ്യൽ | November-December |

| | | |
|---|---|---|
| • 1,2,5,10,20,50,100 എന്നീ കറൻസികളും 1,2,5,10,20 എന്നീ നാണയങ്ങളും പരിചയപ്പെടുത്തുക<br>• ഒരു ദിവസത്തിൽ വ്യത്യസ്ത സമയങ്ങൾ ഉണ്ടെന്നും ഓരോ സമയത്തും ചെയ്യുന്ന പ്രവർത്തനങ്ങൾ ഉണ്ടെന്നും ബോധ്യപ്പെടുത്തുക<br>• കളികളുടെയും, ചിത്രീകരണത്തിന്റെയും നിർമാണ പ്രവർത്തനങ്ങളുടെയും ഭാഗമായി സംഖ്യവ്യാപനം, സങ്കലന വ്യവകലന ക്രിയകൾ പ്രയോഗപ്പെടുത്തുക<br>• ചിത്രരൂപത്തിൽ തന്നിരിക്കുന്നവ ദത്തങ്ങൾ വിശകലനം ചെയ്ത് നിഗമനങ്ങൾ രൂപീകരിക്കുന്നു.<br>• ലളിതമായ ഗണിതപ്രശ്നം നിർധാരണം ചെയ്യൽ<br>• സംഖ്യാപാറ്റേൺ രൂപീകരിക്കൽ | • നാണയങ്ങൾ (പർച്ചേസ് ഷീറ്റ്)<br>• ചിത്ര വായന<br>• ഗണിത ഞെൽനെ നിർമാണം<br>• വിലവിവരപ്പട്ടിക, പോസ്റ്റർ വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു<br>• വിലവിവരപ്പട്ടിക വിശകലനം, ക്രോഡീകരണം.<br>• സംഖ്യാ വ്യാപന പ്രവർത്തനങ്ങൾ<br>• നിശ്ചിത എണ്ണത്തെ ചിത്രീകരിക്കുന്നു<br>• പ്രായോഗിക പ്രശ്നങ്ങൾ നിത്യജീവിത സന്ദർഭങ്ങളുമായി ബന്ധിപ്പിച്ച് പൂർത്തിയാക്കുന്നു.<br>• രൂപങ്ങളും വർണവും നിറം നൽകി തരംതിരിക്കുന്നു | January<br><br>February<br><br>March |

Std : II

ENGLISH

| AIM | ACTIVITIES | TIME |
| --- | --- | --- |
| * To Speak Read & write English without any mistakes | Pretest, To check the Vocabulary and writing Skills of pupils Self Introduction, games. | June - March |
| * To Develop listening & reading Skills | Games, Riddles, pictures, Songs description | June - July |
| * Develop the Creative Speaking and writing. | Speech, book review, find words rhyming word, word web, Add more lines, Picture discription | August - September |
| * To Express thoughts feelings etc | Conversation, Develop story, Skit, make riddles, School radio. | October - November |

| AIM | ACTIVITIES | TIME |
| --- | --- | --- |
| * Develop the Creative Speaking and writing | News paper reading, Reads diary Letter writing, Announcement | Dec - Jan |
| * To Improve presentation power. | Library book reading, description Notice Proclamation, Thoughts. | Feb - March |
| | | |

| പ്രവർത്തന ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം |
|---|---|---|
| * ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്. | * ചിത്രകാർഡുകൾ നൽകൽ, ഭാഷണത്തിന് അവസരമൊരുക്കൽ, വായനാസാമഗ്രികൾ നിർമ്മിക്കൽ, ക്ലാസ് ലൈബ്രറി സജ്ജീകരണം. | ജൂൺ |
| * എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുന്നതിന് | * ദിനാചരണവുമായി ബന്ധപ്പെട്ട വായനയുടെയും എഴുത്തിന്റെയും സാധ്യത<br>* സ്കൂൾ ലൈബ്രറി സജ്ജീകരിക്കുന്നു. | ജൂലൈ. |
| * എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക. | * വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ<br>* ചിത്ര വിവരണം<br>* വായിച്ചറിഞ്ഞവയെ വ്യത്യസ്ത വ്യവഹാര രൂപങ്ങളിലാക്കൽ<br>* വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ നിർമ്മിക്കൽ.<br>* കഥയുടെ ആവിഷ്കാരം. | ആഗസ്റ്റ് / സെപ്റ്റംബർ |

| പ്രവർത്തന ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം |
|---|---|---|
| * സ്വതന്ത്രമായ ലേഖനത്തിലേർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു. | * കേട്ടതോ വായിച്ചതോ ആയ കഥകൾ സംഭാഷണങ്ങൾ സ്വന്തം ഭാഷയിൽ വാചികാവതരണം<br>* പാഠഭാഗവുമായി ബന്ധപ്പെട്ട് പതിപ്പ് നിർമ്മാണം.<br>* വായനാക്കാർഡുകൾ നിർമ്മാണം. | ഒക്ടോബർ |
| * എല്ലാ കുട്ടികളെയും സർഗാത്മക രചനകൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക | * ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് മാഗസിനുകളുടെ നിർമ്മാണം.<br>* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം നൽകൽ. | നവംബർ/ ഡിസംബർ |
| * ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. | * വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം നൽകൽ<br>* ലഘുവിവരണങ്ങൾ, പ്രത്യേകതകൾ എഴുതൽ, വായനക്കായി അവസരം ഒരുക്കൽ.<br>* ICT സാധ്യത പ്രയോജനപ്പെടുത്തി വീഡിയോ നിർമ്മാണം. | ജനുവരി ഫെബ്രുവരി |
| * ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം, കഥ. | * വ്യക്തിഗത രചനാ പ്രവർത്തനങ്ങൾ<br>* പതിപ്പ്, കൈയെഴുത്ത് മാസിക തയ്യാറാക്കൽ<br>* വീട്ടുവായന, നാട്ടുവായന, അമ്മ വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ. | മാർച്ച് |

SLI II

MATHS

| പ്രവർത്തന ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയം |
| --- | --- | --- |
| കുട്ടികൾക്ക് ഗണിതപഠനത്തിൽ താല്പര്യമുണ്ടാക്കുന്നു. യുക്തിബോധം വളർത്തുന്നു. സംഖ്യാബോധം | കൂട്ടുകാരെ കണ്ടെത്താം<br>സങ്കലന വ്യവകലന ക്രിയാശേഷികൾ | ജൂൺ |
| ചുറ്റുപാടുമുള്ള വസ്തുക്കൾ നിരീക്ഷിച്ച് വിവിധരൂപങ്ങൾ (ദ്വിമാന, ത്രിമാന രൂപങ്ങൾ) തിരിച്ചറിയുക. രൂപങ്ങൾക്ക് നിറം നൽകി പാറ്റേണുകൾ നിർമ്മിക്കുക. രൂപങ്ങൾ വരയ്ക്കൽ നിർമ്മാണം | ചിത്രം വരയ്ക്കാം<br>രൂപങ്ങൾ നിർമ്മിക്കാം<br>കുന്നുകൾ യോജിപ്പിച്ച് രൂപം നിർമ്മിക്കാം<br>പാറ്റേൺ പൂർത്തിയാക്കാം. | ജൂലൈ |
| 50 വരെയുള്ള സംഖ്യകളുടെ രൂപീകരണം | ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു. എഴുതുന്നു. | ആഗസ്റ്റ് |

| | | |
|---|---|---|
| 50 വരെയുള്ള സംഖ്യകളെ അക്കത്തിലും അക്ഷരത്തിലും എഴുതുന്നതിന് | എണ്ണിക്കളിക്കാം സംഖ്യാകളി ചീട്ടുകളി കളിക്കാം കൂട്ടങ്ങളാക്കാം | |
| 200 വരെയുള്ള സംഖ്യകളുടെ രൂപീകരണം ക്രമമായി എണ്ണൽ മൂന്നക്ക സംഖ്യകളെ വലുപ്പ ക്രമത്തിൽ ക്രമീകരിക്കൽ | ബാഡ്ജ് നിർമ്മാണം വിവിധ പാറ്റേണുകൾ രൂപീകരിക്കൽ സംഖ്യാകാർഡുകൾ 200 വരെയുള്ള സംഖ്യകൾ വ്യത്യസ്ത രീതിയിൽ കൂട്ടങ്ങളാക്കുന്നു. | സെപ്തംബർ |
| രൂപ എന്ന ആശയം രൂപയെ വ്യത്യസ്ത നോട്ടുകളുടെ തുകയായി വ്യാഖ്യാനിക്കാനുള്ള ശേഷി നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | കളിനോട്ട് നിർമ്മാണം വമ്പിച്ച വിലക്കുറവ് ചില്ലറയാക്കാം കളിപ്പാട്ടങ്ങളുടെ വില സമ്പാദ്യം | ഒക്ടോബർ |

| | | |
|---|---|---|
| തിയ്യതി, മാസം, ആഴ്ച എന്നിവ കണ്ടെത്തുന്നതിന് കലണ്ടർ ഉപയോഗിക്കുന്നു. | കലണ്ടർ പതിപ്പ് തയ്യാറാക്കൽ<br>കലണ്ടറിലെ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിയൽ മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്താൻ കലണ്ടർ നോക്കി സംഖ്യാബന്ധങ്ങൾ താരതമ്യം ചെയ്യൽ | മാർച്ച് |

STD - III  വിഷയം - മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| • ശ്രവണം<br>ശ്രവിക്കാനും ആശയം ഗ്രഹിക്കാനുമുള്ള കഴിവ് വർദ്ധിപ്പിക്കൽ | കഥകൾ, കവിതകൾ, ആംഗ്യപ്പാട്ടുകൾ ഇവ ICT സാധ്യതയോടും അല്ലാതെയും കേൾപ്പിക്കൽ. ആശയഗ്രഹണചോദ്യങ്ങൾ നൽകൽ. ഗ്രഹിച്ച ആശയങ്ങൾ ചിത്രീകരിക്കൽ. | അധ്യയനവർഷം മുഴുവൻ. |
| • ഭാഷണം<br>ഗ്രഹിച്ച കാര്യങ്ങൾ തന്റേതായ രീതിയിൽ പ്രകടിപ്പിക്കാൻ പ്രാപ്തി നേടൽ | പരിചിതമായ പദങ്ങൾ വാക്യത്തിൽ പ്രയോഗിക്കൽ.<br>ഗ്രഹിച്ച ആശയം പറയിക്കൽ<br>ചോദ്യങ്ങൾക്ക് ഉത്തരം പറയൽ<br>ആശയം ഗ്രൂപ്പുകളിലിരുന്ന് പങ്ക് വയ്ക്കൽ, ചർച്ചയിലേർപ്പെടൽ, അഭിപ്രായം പ്രകടിപ്പിക്കൽ. | ജൂൺ - ആഗസ്റ്റ്<br>ആഗസ്റ്റ് - മാർച്ച് |
| • വായന<br>തെറ്റുകൂടാതെ സ്ഫുടതയോടെ അനായാസം വായിക്കൽ. | ക്ലാസ്സ് ലൈബ്രറി വിപുലീകരണം<br>വായനാകാർഡുകൾ, പത്രവായന, ചങ്ങല വായന, വായനാമത്സരം, റിവ്യൂസ് തയ്യാറ്. | അധ്യയന വർഷം മുഴുവൻ. |

| ലക്ഷ്യം | പ്രവർത്തനം | കാലം |
| --- | --- | --- |
| • ലേഖനം<br>വ്യവഹാര രൂപങ്ങൾ തെറ്റ് കൂടാതെ എഴുതുന്നതിന്. | പ്രീ - ടെസ്റ്റ്<br>ഭാഷാകേളികൾ, അമ്പിളി, പൂത്തുമ്പി വർക്ക്ഷീറ്റ്<br>വായനാകാർഡുകൾ വ്യക്തിഗതമായും ഗ്രൂപ്പിലും നിർമ്മിക്കൽ.<br>കഥാപൂരണം, ഡയറി എഴുതൽ, വരികൾ കൂട്ടിച്ചേർക്കൽ, കടങ്കഥകൾ നിർമ്മിക്കൽ. | ജൂൺ<br>I$^{st}$ term<br>II$^{nd}$ term<br>സെപ്റ്റംബർ - മാർച്ച് |
| • സർഗ്ഗാത്മകപ്രകടനം | ദിനാചരണവുമായി ബന്ധപ്പെട്ട പ്രകടനങ്ങൾ<br>ഓണം, ക്രിസ്തുമസ്, വാർഷികാഘോഷങ്ങൾ<br>ചിത്രം വര, CPTA യിൽ കുട്ടികളുടെ കലാപ്രകടനങ്ങൾ | അധ്യയന വർഷം മുഴുവൻ.<br>ബന്ധപ്പെട്ട മാസങ്ങൾ<br>ജൂൺ - മാർച്ച് |

Class :- 3    Subject :- English.

| Aim | Activities | Duration. |
|---|---|---|
| To check the vocabulary and writing skills of Pupils.<br>a) Listening skill<br>b) Speaking skill | Game, action song, conversation, skit, Stories, ICT.<br>- Identify the naming words from picture.<br>- Identify the action words from the same Picture.<br>- Make simple sentences using the action word and naming words about the picture.<br>- Make symbol description about the picture. | June to August |

| | | |
|---|---|---|
| Develop creative speaking and writing.<br>Reading skill<br><br>writing skill | Rhyming words Books review<br>News paper reading<br>Describing words<br>Textbook activities<br>1) Make word web<br>2). Picture description with describing words.<br>3) Word chain, sentence chain<br>4) Make words and sentences<br>5) Make riddles and conversation. | September to December. |
| To express thoughts, feelings etc.<br>To improve presentation Power. | News paper reading, library books<br>book review<br>Stories using ICT materials<br>Reads diary, quiz riddles<br>Readers theatre. | January to March. |

Class:- 3 Subject :- Maths

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ്. |
| --- | --- | --- |
| - ഗണിത പഠനം ഉല്ലാസപ്രദവും ആനന്ദകരവുമായി മാറ്റാൻ ഉതകും വിധം പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുക.<br>- ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു. | ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാനുള്ള പ്രവർത്തനങ്ങൾ.<br>ക്ലാസ് പിടിഎയിൽ ഗണിതാശയങ്ങൾ പരിചയപ്പെടുത്തുന്നു. രക്ഷിതാക്കളെ പങ്കാളികളാക്കി ഗണിത വിജയ പ്രവർത്തനങ്ങൾ.<br>- ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് രൂപങ്ങൾ നിർമ്മിക്കുന്നു. | ജൂൺ - ജൂലൈ. |
| *999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു.<br>*. എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക. | - പഠനോപകരണ നിർമ്മാണം<br>- ജ്യാമിതി രൂപങ്ങളുടെ നിർമ്മാണം<br>- ഗുണനക്രിയകളുമായി ബന്ധപ്പെട്ട കളികളിൽ ഏർപ്പെടുന്നു.<br>- നാണയങ്ങൾ, കളിനോട്ടുകൾ<br>- വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ. | ഓഗസ്റ്റ് - ഒക്ടോബർ |

| | | |
|---|---|---|
| * മൂന്നക്ക സംഖ്യകളുടെ സങ്കലനം, വ്യവകലനം ഉറപ്പിക്കൽ | *. ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.<br>* മൂന്നക്ക സംഖ്യകൾ രൂപീകരിക്കൽ.<br>സ്ഥാനവില പോക്കറ്റ്, അബാക്കസ് | നവംബർ - ജനുവരി. |
| *) സമയം, കലണ്ടർ എന്നിവയെക്കുറിച്ച് ധാരണ ലഭിക്കൽ | ക്ലോക്ക് നിർമ്മിക്കൽ, സമയദൈർഘ്യം കാണൽ, ഇംഗ്ലീഷ്, മലയാളം മാസങ്ങൾ, കലണ്ടർ പാറ്റേൺ, വിശേഷ ദിവസങ്ങൾ കലണ്ടറിന്റെ സഹായത്തോടെ മനസ്സിലാക്കൽ. | |
| * ഗുണന വസ്തുതകൾ നേടൽ | * ഗുണനങ്ങൾ<br>* നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഫെബ്രുവരി - മാർച്ച്. |
| *. നീളം, ഭാരം, ഉള്ളളവ് എന്നിവ കണ്ടെത്താനും അവയുടെ ഏകകങ്ങൾ തിരിച്ചറിയാനും പ്രായോഗിക പ്രവർത്തനങ്ങൾ നിർവഹണം ചെയ്യൽ. | m/cm, kg/g, m/L എന്നീ ഏകകങ്ങൾ പരിചയപ്പെടൽ, അളന്ന് കണ്ടെത്തൽ. | |
| *. ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ | *) നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | |

STD - III    വിഷയം - പരിസരപഠനം

| | ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|---|
| 1 | നമ്മുടെ ചുറ്റുപാടിനെ കുറിച്ച് അവബോധം സൃഷ്ടിക്കൽ. | പ്രകൃതിനടത്തം സസ്യങ്ങളെ തിരിച്ചറിയൽ, തരംതിരിച്ച് പട്ടികപ്പെടുത്തൽ. | ജൂൺ - ജൂലായ് |
| 2 | ജന്തുലോകത്തെക്കുറിച്ച് അറിവ് നേടൽ | നിരീക്ഷണം, വീഡിയോ പ്രദർശനം വൈവിധ്യങ്ങൾക്കനുസരിച്ച് തരംതിരിക്കൽ. | ആഗസ്റ്റ് - സെപ്റ്റംബർ |
| 3 | പ്രകൃതിസംരക്ഷണം | മണ്ണ്, വെള്ളം ഇവ മലിനപ്പെടുന്ന സാഹചര്യങ്ങൾ തിരിച്ചറിയൽ, പരിഹാരങ്ങൾ നിർദ്ദേശിക്കൽ, പ്രായോഗിക പരിശീലനം ഹരിതകർമ്മസേനയെ അറിയൽ. | ഒക്ടോബർ - മാർച്ച് |
| 4 | പരിസരശുചിത്വം, വ്യക്തിശുചിത്വം അവബോധം സൃഷ്ടിക്കൽ | ശുചിത്വസന്ദേശങ്ങൾ വിദ്യാലയത്തിൽ പതിക്കൽ, ശുചിത്വസർവ്വേ, പ്ലക്കാർഡ്, പോസ്റ്റർ നിർമ്മാണം, ക്വിസ്, ക്ലാസ്സ് തല ശുചിത്വമത്സരം, ICT സാധ്യത ഉപയോഗപ്പെടുത്തൽ | ജൂൺ - മാർച്ച് |

| | ലക്ഷ്യം | പ്രവർത്തനം | കാലം |
| --- | --- | --- | --- |
| 5 | ശാസ്ത്രകൗതുകം ഉണർത്തുന്നതിനും ശാസ്ത്രവിഷയങ്ങളിലെ അഭിരുചിയും താല്പര്യവും വളർത്തുന്നതിനും. | പരീക്ഷണങ്ങൾ, കുറിപ്പുകൾ, ഫീൽഡ് ട്രിപ്പുകൾ, ശാസ്ത്രമേളകൾ, പക്ഷി നിരീക്ഷണം, നിശ്ചല/ചലന മാതൃകകൾ നിർമ്മാണം, ജൈവവൈവിധ്യ ഉദ്യാന സംരക്ഷണം തുടങ്ങിയവ. | ആഗസ്റ്റ് - മാർച്ച് |
| 6 | റോഡ് സുരക്ഷ, പ്രഥമശുശ്രൂഷകൾ എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കൽ. | വീഡിയോ പ്രദർശനങ്ങൾ, പത്രവാർത്തകൾ, ബോധവൽക്കരണ ക്ലാസ്സുകൾ ICT കളികൾ. സിഗ്നലുകൾ മനസ്സിലാക്കൽ | നവംബർ - മാർച്ച് |

## ക്ലാസ് : 4

ലക്ഷ്യം: നാലാം ക്ലാസ്സിലെ കുട്ടികൾക്ക് ഭാഷയിലും, ഗണിതത്തിലും, പരിസരപഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

മൂല്യങ്ങൾ:

→ കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
→ സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
→ സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.
→ സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം
→ കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക

### മധുരം മലയാളം

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ, ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ | ലക്ഷ്യം നേടുന്നതുവരെ | SRG ക്ലാസ് ടീച്ചർ | PTA ഫണ്ട് |

| | | | | |
|---|---|---|---|---|
| വായിക്കാം വളരാം<br>ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ - പുസ്തക പരിചയം | വായനാശേഷി വളർത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| എഴുതാം തെളിയാം<br>പാഠഭാഗങ്ങളിൽ നിന്നും പത്രപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ<br>രചനാപരിചയക്കുറിപ്പ് തയ്യാറാക്കൽ | എഴുത്ത് പരിപോഷിപ്പിക്കൽ | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ<br>CPTA<br>അസംബ്ലി | PTA |
| കണ്ടറിയാം.. കേട്ടറിയാം<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ,<br>പ്രദർശിപ്പിക്കൽ | സാങ്കേതിക വിദ്യയുടെ സഹായത്തോടെ അറിവ് നേടൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| രുചിച്ചറിയാം<br>ഭക്ഷ്യമേള- പാചകക്കുറിപ്പ<br>[illegible] | നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടുത്തൽ | വർക്കണിലെ<br>പാഠഭാഗത്തോ [illegible] | SRG<br>ക്ലാസ് ടീച്ചർ | PTA |